വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിച്ച് കൃഷി ചെയ്യുന്നതിന് ആകെ ചെലവിന്റെ 75% സബ്സിഡിയായി നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് മുതൽ മുടക്കിനാവശ്യമായ ഇക നിലവിലെ വ്യവസ്ഥകളനുസരിച്ച് ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള സേവനവും ലഭ്യമാക്കുന്നു. കേരളത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൗസ് ഫാമിംഗ് മികവിന്റെ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി

231 (1670) ശ്രീ. പാലോട് രവി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫാമുകളിൽ ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതികൾക്ക് മുൻഗണന നൽകികൊണ്ടുള്ള കൃഷി പ്രവർത്തനങ്ങൾ അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് അനുബന്ധമായി ജൈവ വളത്തിന്റെ ലഭ്യത, എല്ലാ കൃഷി ഫാമുകളിലും ഉറപ്പാക്കാൻ പശു വളർത്തൽ കേന്ദ്രങ്ങൾ എല്ലാ ഫാമുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജൈവ വളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ ഫാമുകളിൽ പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല, ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാം എന്നീവിടങ്ങളിൽ പശുവളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലെ പന്തളം ഷുഗർകെയിൻ ഫാമിൽ 50-ലധികം പശുക്കളുള്ള ഒരു ഡയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പൂല്ലാട് സീഡ് ഫാം, അട്ടൂർ സീഡ് ഫാം എന്നിവയിലും പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഡയറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ വേങ്ങോട് സ്റ്റേറ്റ് സീഡ് ഫാമിലും കാങ്ങോൾ സ്റ്റേറ്റ് സീഡ് ഫാമിലും പശുവളർത്തൽ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

കാസർഗോഡ് ജില്ലയിലെ പുല്ലൂർ ഫാമിൽ 18 പശുക്കളുള്ള ഡയറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ 8 പശുക്കളുള്ള ഡയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിൽ പശുവളർത്തൽ കേന്ദ്രം ഫാമിൽ തുടങ്ങുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ പശുവളർത്തൽ കേന്ദ്രം ഉടനെ തന്നെ ആരംഭിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ 4 ഫാമുകളിലായി 20 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 20 പശുക്കൾക്കുള്ള തൊഴുത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.

(സി&ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേക്കായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെല്ലാം അവിടെനിന്നും ലഭിക്കുന്ന ജൈവവളം ഉപയോഗിച്ചുള്ള കൃഷി നടത്തി വരുന്നുണ്ട്. അത് കഴിയുന്നത്ര കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly